കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ: B3/107/2023-SEC തീയതി: 15-11-2025

**സർക്കുലർ**

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ് – ചിഹ്നം ശിപാർശ ചെയ്യുന്നത് – സംബന്ധിച്ച് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സ്ഥാനാർത്ഥികൾക്ക് തിരഞ്ഞെടുപ്പ് ചിഹ്നം ശിപാർശ ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ജില്ല/പ്രാദേശിക പാർട്ടി ഭാരവാഹികളുടെ ഒപ്പ് സാക്ഷ്യപ്പെടുത്തി അതത് രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാന ഭാരവാഹികൾ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക്/വരണാധികാരികൾക്ക് നൽകേണ്ടതുണ്ട്. അത്തരത്തിൽ സ്ഥാനാർത്ഥികൾക്ക് ചിഹ്നം ശിപാർശ ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള പാർട്ടി ഭാരവാഹികൾ ശിപാർശ കത്ത് സ്വന്തം കൈപ്പടയിൽ ഒപ്പ് വച്ച് ബന്ധപ്പെട്ട വരണാധികാരികൾക്ക് 24.11.2025-ൽ വൈകുന്നേരം മൂന്ന് മണിക്ക് മുമ്പായി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടികളെയും സ്ഥാനാർത്ഥികളെയും അറിയിക്കേണ്ടതാണ്.

പട്ടിക I, II, III എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചിഹ്നങ്ങൾ, ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാന/ ജില്ലാ/ മേഖലാതല ഭാരവാഹി ശിപാർശ ചെയ്യുന്ന സ്ഥാനാർത്ഥികൾക്ക് മാത്രമേ അനുവദിക്കാൻ പാടുള്ളൂ. പട്ടിക ഈ-ൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വതന്ത്ര ചിഹ്നങ്ങളിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾക്ക് മുൻഗണനാടിസ്ഥാനത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ ആ രാഷ്ട്രീയ പാർട്ടിയുടെ സംസ്ഥാന/ ജില്ലാ/ മേഖലാതല ഭാരവാഹികൾ ശിപാർശ ചെയ്യുന്ന സ്ഥാനാർത്ഥികൾക്ക് വേണം ചിഹ്നം നൽകേണ്ടത്. എന്നാൽ, ഏതെങ്കിലും വാർഡിൽ/നിയോജകമണ്ഡലത്തിൽ IV-ാം പട്ടികയിലെ ചിഹ്നം അനുവദിച്ച രാഷ്ട്രീയ പാർട്ടി സ്ഥാനാർത്ഥി ഇല്ലെങ്കിൽ മറ്റ് സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് അവർ ആവശ്യപെടുന്ന പക്ഷം അത്തരത്തിലുള്ള സ്വതന്ത്ര ചിഹ്നങ്ങൾ അനുവദിക്കാവുന്നതാണ്. കൂടാതെ, IV-ാം പട്ടികയിലെ മറ്റ് സ്വതന്ത്ര ചിഹ്നങ്ങളും സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് അനുവദിക്കാവുന്നതാണ്.

ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ സ്ഥാനാർത്ഥികൾക്ക് മേൽപ്പറഞ്ഞ പ്രകാരം ചിഹ്നം നൽകുന്നതിനുള്ള ശിപാർശ കത്ത് റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും പുതുതായി ആരെയെങ്കിലും ശിപാർശ ചെയ്യുന്നുവെങ്കിൽ ആ വിവരവും 24.11.2025-ന് വൈകുന്നേരം 3 മണിക്ക് മുമ്പായി വരണാധികാരിക്ക് ലഭ്യമാക്കാൻ നിർദ്ദേശിക്കേണ്ടതാണ്.

Signed by
Prakash B S
Date: 15-11-2025 12:34:56

PRAKASH.B.S
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർക്കും

എല്ലാ വരണാധികാരികൾക്കും(ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്:-

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ എല്ലാ നോഡൽ ഓഫീസർമാർക്കും.

കമ്മീഷണറുടെ പി.എസ്.

സെക്രട്ടറിയുടെ സി.എ

---